

THURSDAY 27/11/2025 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

**FARM INFORMATION BUREAU**

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor: SINDHU. KS Editor: Dr. V. Krishnadas

Farm Information Bureau, Kowdiar, Thiruvananthapuram -695003

Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186, 2317314

ff



## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 27/11/2025

1. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള സെന്റർ ഫോർ ഇ ലേണിംഗ് അഥവാ ഇ-പഠന കേന്ദ്രം വഴി **"തേനീച്ച വളർത്തൽ"** എന്ന വിഷയത്തിൽ ഹ്രസ്വകാല മാസ്സീവ് ഓപ്പൺ ഓൺലൈൻ കോഴ്സ് (MOOC) ആരംഭിക്കുന്നു. **2025 ഡിസംബർ മാസം** 5 ന് ക്ലാസ്സുകൾ ആരംഭിക്കും. 2025 ഡിസംബർ 15ന് ശേഷം പുതിയ രജിസ്ട്രേഷനുകൾ സ്വീകരിക്കുന്നതല്ല. ഇരുപത് ദിവസം ദൈർഘ്യമുള്ള കോഴ്സ് പൂർണ്ണമായും മലയാളത്തിലാണ് പരിശീലിപ്പിക്കുന്നത്. കോഴ്സ് പൂർത്തീകരിക്കുമ്പോൾ പരീക്ഷ പാസ്സാവുന്ന പഠിതാക്കൾക്ക് ഒരു നിശ്ചിത തുക അടയ്ക്കുന്ന മുറയ്ക്ക് സർട്ടിഫിക്കറ്റും ലഭിക്കുന്നതാണ്. **"തേനീച്ച വളർത്തൽ"** എന്ന മാസ്സീവ് ഓപ്പൺ ഓൺലൈൻ കോഴ്സിന്റെ (MOOC) കൂടുതൽ വിവരങ്ങൾക്ക് celkau@gmail.com എന്ന ഇമെയിൽ വഴി ബന്ധപ്പെടുക. സംശയ നിവാരണങ്ങൾക്കായി 0487-2438567, 8547837256 എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

2. നാളികേര വികസന ബോർഡിന്റെ ഫാമിൽ ഉല്പാദിപ്പിച്ച നല്ലയിനം നാടൻ (വെസ്റ്റ് കോസ്റ്റ് നെടിയ ഇനം WCT) തെങ്ങിൻ തൈകൾ നൂറ് രൂപ നിരക്കിൽ 28.11.2025 ന് വെള്ളിയാഴ്ച നാളികേര വികസന ബോർഡിന്റെ കൊച്ചി ആസ്ഥാനത്ത് വില്പന നടത്തുന്നു. മുൻകൂട്ടി ബുക്കിംഗിനും മറ്റ് വിവരങ്ങൾക്കുമായി വിളിക്കേണ്ട നമ്പർ 0485 2554240. തൈകളുടെ വിൽപന 28.11.2025 ന് മാത്രമായിരിക്കും. ഫാമിലെ മറ്റ് കാർഷിക ഉത്പ്പന്നങ്ങളു ടെ വിൽപനയും അന്നേദിവസം ഉണ്ടായിരിക്കുന്നതാണ്.

3. തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ ഒരു മാസം പ്രായമുള്ള ഗ്രാമശ്രീ കോഴിക്കുഞ്ഞുങ്ങൾ 150 രൂപ നിരക്കിൽ വിൽപ്പന ആരംഭിച്ചിരിക്കുന്നു. താല്പര്യമുള്ളവർ രാവിലെ 10 മണി മുതൽ 4 മണിവരെയുള്ള സമയങ്ങളിൽ 9400483754 എന്ന ഫോൺ നമ്പറിൽ വിളിച്ച് ബുക്ക് ചെയ്യേണ്ടതാണ്.

4. ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ ജേംപ്ലാസം ഡിവിഷനിൽ 'സീനിയർ റിസേർച്ച് ഫെല്ലോ'യെ താൽകാലികാടിസ്ഥാനത്തിൽ നിയമിക്കാൻ എഴുത്തുപരീക്ഷയും വാക്ക്ഇൻ ഇന്റർവ്യൂവും നടത്തുന്നു.

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

അപേക്ഷകർ അഗ്രിക്കൾച്ചറിലോ ബോട്ടണിയിലോ ഹോർട്ടിക്കൾച്ചറിലോ ബിരുദാനന്തരബിരുദവും പ്ലാന്റ് ജെനറ്റിക് റിസോഴ്സസിൽ രണ്ടുവർഷത്തെ ഗവേഷണപരിചയവും ഉള്ളവരായിരിക്കണം. അപേക്ഷകർക്ക് 2025 ഡിസംബർ 01-ന് 35 വയസ്സ് കവിയാൻ പാടില്ല. താൽപര്യമുള്ളവർ വിദ്യാഭ്യാസയോഗ്യത, വയസ്സ്, ഗവേഷണപരിചയം തുടങ്ങിയവ തെളിയിക്കുന്നതിനുള്ള രേഖകളുടെ സാക്ഷ്യപ്പെടുത്തിയ കോപ്പികൾ സഹിതം ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം അസിസ്റ്റന്റ് സെക്രട്ടറിക്ക് resadm@rubberboard.org.in എന്ന ഇമെയിൽ വിലാസത്തിൽ 2025 ഡിസംബർ 10ന് മുൻപ് ലഭിക്കത്തക്കവണ്ണം അപേക്ഷിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 0481-2353311 എന്ന ഫോൺനമ്പരിൽ ബന്ധപ്പെടുകയോ റബ്ബർബോർഡ് വെബ്സൈറ്റ് (www.rubberboard.gov.in) സന്ദർശിക്കുകയോ ചെയ്യാവുന്നതാണ്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## പരിശീലന പരിപാടി

5. സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ (കെപ്കോ) നടപ്പിലാക്കി വരുന്ന **കോൺട്രാക്ട്- കുടുംബശ്രീ ഇറച്ചിക്കോഴി വളർത്തൽ** പദ്ധതിയിലേയ്ക്ക് -കർഷകരെ തെരഞ്ഞെടുക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ കുടുംബശ്രീ യൂണിറ്റുകൾ / ഇറച്ചി കോഴിവളർത്തുന്ന കർഷകർ എന്നിവരിൽ നിന്നും താൽപ്പര്യപത്രം ക്ഷണിക്കുന്നു. ഒരു ദിവസം പ്രായമുള്ള ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ, നൽകി 40 ദിവസം അല്ലെങ്കിൽ 2 കിലോ ആകുമ്പോൾ ഇറച്ചിക്കോഴികളെ തിരിച്ചെടുക്കുന്ന പദ്ധതിയാണ് ഇത്. ഇത് സംബന്ധിച്ചുള്ള കൂടുതൽ വിവരങ്ങൾക്കായി തിരുവനന്തപുരം പേട്ടയിൽ സ്ഥിതി ചെയ്യുന്ന കെപ്കോയുടെ ഓഫീസ് പ്രവർത്തി ദിവസങ്ങളിൽ രാവിലെ 11.00 മുതൽ വൈകുന്നേരം 3.00 മണിവരെയുള്ള സമയത്ത് 9495000922, 0471-2468585 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

6. കോട്ടയം എംജി സർവകലാശാലാ നാഷനൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്ലാന്റ് സയൻസ് ടെക്നോളജിയുടെ നേതൃത്വത്തിൽ **പ്ലാന്റ് ടിഷ്യൂകൾച്ചർ**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

മേഖലയിലെ സാങ്കേതിക വിദ്യകളെക്കുറിച്ചുള്ള **ത്രിദിന ശില്പശാല നവംബര്‍ 27 മുതല്‍ 29 വരെ** സര്‍വകലാശാലയില്‍ നടക്കും. വിദ്യാര്‍ഥികള്‍ക്ക് 2000 രൂപയും മറ്റുള്ളവര്‍ക്ക 3000 രൂപയുമാണ ഫീസ്. nipst.mgu.ac.in, 9446314151, 9645174637 ല്‍ ബന്ധപ്പെട്ടുക.

7. മൈക്രോഗ്രീന്‍സ് കൃഷിരീതിയെ കുറിച്ച് വിഎഫ്പിസികെയുടെ നേതൃത്വത്തില്‍ നവംബര്‍ 27-ന് പരിശീലന പരിപാടി നടത്തുന്നു. രാവിലെ 10-ന് നെടുമ്പാശ്ശേരി പഞ്ചായത്ത് ഹാളില്‍ നടക്കുന്ന പരിശീലന പരിപാടിയില്‍ പങ്കെടുക്കുന്നതിന് 94460 30502, 94476 06625 എന്നീ ഫോണ്‍ നമ്പറുകളില്‍ ബന്ധപ്പെട്ടുക .

8. **കാര്‍ഷിക നിര്‍ദേശം** –പയറില്‍ മുഞ്ഞയുടെ ആക്രമണം കണ്ടാല്‍ 2% വീര്യമുള്ള വേപ്പെണ്ണ എമല്‍ഷന്‍ തളിക്കുക. അല്ലെങ്കില്‍ വെര്‍ട്ടിസീലിയം ലെക്കാനി എന്ന മിത്രകുമിള്‍ 20 ഗ്രാം ഒരു ലിറ്റര്‍ വെള്ളത്തില്‍ എന്ന തോതില്‍ 10 ദിവസം ഇടവിട്ട് കൊട്ടുക്കുക. രൂക്ഷമാണെങ്കില്‍ 2 ഗ്രാം തയാമെതോക്സാം 10 ലിറ്റര്‍ വെള്ളത്തില്‍ അല്ലെങ്കില്‍ ഫ്ലോണിക്കാസിഡ് 50% 4WG ഗ്രാം 10 ലിറ്റര്‍ വെള്ളത്തില്‍ എന്ന തോതില്‍ തളിക്കുക.